(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി-ഡിറ്റിൽ എത്രപേരെ നിയമിച്ചു ;

(ബി) അവർ ആരൊക്കെയാണെന്നും ഏതൊക്കെ തസ്തികകളിലാണ് നിയമിച്ചതെന്നും വ്യക്തമാക്കുമോ ;

(സി) ഇവിടത്തെ ഉദ്യോഗ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന വേണമെന്ന് വ്യവസ്ഥയുണ്ടോ ;

(ഡി) ഈ നിയമനങ്ങളിൽ സംവരണ തത്വം പാലിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ കാരണമെന്ത് ?

ഉത്തരം

(എ) 46 (നാൽപ്പത്തി ആറ്) പേരെ താൽക്കാലികമായി നിയമിച്ചു.

(ബി) ലിസ്റ്റ് അനുബന്ധമായി വച്ചിരിക്കുന്നു. †

(സി) 1,050 രൂപയ്ക്ക് താഴെ ശമ്പളമുള്ള സാങ്കേതിക വിഭാഗം തസ്തികകളിലും മറ്റ് അഡ്മിനിസ്ട്രേറ്റീവ് തസ്തികകളിലുമുള്ള ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കണമെന്ന് വ്യവസ്ഥയുണ്ട്.

(ഡി) സംവരണ തത്വം പാലിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. മുൻകാല നിയമനങ്ങളിലെ സംവരണത്തിലെ ബാക്ക്ലോഗ് തുടർന്നുള്ള നിയമനങ്ങളിൽ നികത്താനും തീരുമാനിച്ചിട്ടുണ്ട്.

**സി - ഡിറ്റ് നിർമ്മിച്ച ഡോക്യുമെന്ററികളും ഹ്രസ്വ ചിത്രങ്ങളും**

92 (925) ശ്രീമതി രാധാരാഘവൻ :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി-ഡിറ്റ് എത്ര വീഡിയോ ഡോക്യുമെന്ററികളും ഹ്രസ്വചിത്രങ്ങളും തയ്യാറാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ എത്രയെണ്ണം പ്രദർശിപ്പിച്ചു ;

(സി) ഇവയുടെ നിർമ്മാണത്തിനായി ഇതുവരെ എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എൻപതോളം വീഡിയോ ഡോക്യുമെന്ററികളും, എഴുപതോളം ഹ്രസ്വചിത്രങ്ങളും നിർമ്മിച്ചിട്ടുണ്ട്.

---

† അനുബന്ധം XI

LIBRARY ARCHIVES Kerala Legislative Assembly

(ബി) പതിനഞ്ചോളം ഡോക്യുമെന്ററികളും മിക്കവാറും എല്ലാ ഹ്രസ്വ ചിത്രങ്ങളും ടി. വി. ചാനലുകളിൽ പ്രദർശിപ്പിച്ചു. എല്ലാ ചിത്രങ്ങളും പരിശീലന പരിപാടികൾ, എക്സിബിഷനുകൾ തുടങ്ങിയവയ്ക്കായി പ്രദർശിപ്പിച്ചിട്ടുണ്ട്.

(സി) 7,22,840 രൂപ (ഏഴ് ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി എണ്ണൂറ്റി നാൽപ്പത് രൂപ)

## ഷഡ്കാല ഗോവിന്ദമാരാർ സമിതി

**93 (926)** ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്ക്കാരിക വകുപ്പിനു കീഴിൽ പിറവം നിയോജകമണ്ഡലത്തിലുള്ള ഷഡ്കാലഗോവിന്ദമാരാർ സമിതിക്ക് പ്രതിവർഷം നൽകുന്ന ഗ്രാന്റ് എത്രയാണ് ;

(ബി) ഈ സർക്കാർ ഇവിടെ സ്മാരക മന്ദിരം നിർമ്മിക്കുന്നതിനായി എന്തെങ്കിലും തുക നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ തുക നൽകാൻ ഉദ്ദേശമുണ്ടോ ;

(സി) എങ്കിൽ എന്നത്തേയ്ക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രതിവർഷം 40,000 രൂപ (നാൽപ്പതിനായിരം രൂപ) ഗ്രാന്റ് നൽകുന്നു.

(ബി) ഒരു ലക്ഷം രൂപ സ്പെഷ്യൽ ഗ്രാന്റ് നൽകിയിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

## സംരക്ഷിത സ്മാരകങ്ങൾ

**94 (930)** ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. എം. കെ. മുനീർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും സംരക്ഷിത സ്മാരകങ്ങളിലോ സ്ഥലങ്ങളിലോ അനധികൃത നിർമ്മാണ കയ്യേറ്റ ശ്രമങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ അവ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) അവയുടെ സംരക്ഷണത്തിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ ?



LIBRARY ARCHIVES Kerala Legislative Assembly